# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 170
11.06.2012 - ലെ മറുപടിയ്ക്ക്

## കാർഷിക വായ്പകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശയിളവ് നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | നൽകുന്നുണ്ട്.<br>കൃത്യമായി കാർഷിക വായ്പ തിരിച്ച് അടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം എല്ലാ കാർഷിക വായ്പകൾക്കും 5% പലിശ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം സംസ്ഥാനത്ത് സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വ കാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ച് അടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി സംഘങ്ങൾക്ക് നൽകി വായ്പ പലിശ രഹിതമായി കർഷകർക്ക് നൽകുന്ന പദ്ധതി 2012-13 വർഷത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ച് അടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ പലിശയിളവും (പരമാവധി 4%) കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയും നൽകുന്നതാണ്. |
| ബി) | കാർഷിക വായ്പകൾക്ക് തിരിച്ചടവിന് പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ച് അടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന 3% പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനും ഈ പദ്ധതി നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും ഉള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |

ഡെപ്യൂട്ടി സെക്രട്ടറി